

# ജനഹിതം

## വാർത്താപത്രിക

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

2025 ജൂലൈ | ലക്കം 7

# വോട്ടർപട്ടികയിൽ ആഗസ്റ്റ് 7 വരെ പേരു ചേർക്കാം

## കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

തദ്ദേശതിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ ആഗസ്റ്റ് 7വരെ പേരു ചേർക്കാം. ഇതിനുള്ള കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. അന്തിമ വോട്ടർപട്ടിക ആഗസ്റ്റ് 30ന് പ്രസിദ്ധീകരിക്കും. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാം.

വോട്ടർപട്ടികയിൽ പുതുതായി പേരു ചേർക്കുന്നതിനും (ഫോറം4), തിരുത്തുന്നതിനും (ഫോറം6), സ്ഥാനമാറ്റം വരുത്തുന്നതിനും (ഫോറം7) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ sec.kerala.gov.in വെബ് സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കണം. ഓൺലൈനായി അപേക്ഷിക്കുമ്പോൾ ഹീയറിംഗിനുള്ള കമ്പ്യൂട്ടർ ജനറേറ്റഡ് നോട്ടീസ് ലഭിക്കും. നോട്ടീസിൽ പറഞ്ഞിട്ടുള്ള തീയതിയിൽ ആവശ്യമായ രേഖകൾ സഹിതം ഹീയറിംഗിന് നേരിട്ട് ഹാജരാകണം.

വോട്ടർപട്ടികയിൽ പേര് ഒഴിവാക്കുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ (ഫോറം 5) ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും അതിന്റെ പ്രിന്റൗട്ടിൽ അപേക്ഷകനും ആ വാർഡിലെ ഒരു വോട്ടറും ഒപ്പിട്ട് നേരിട്ടോ തപാലിലൂടെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കണം. ഓൺലൈൻ മുഖേന അല്ലാതെയും നിർദ്ദിഷ്ട ഫാറത്തിൽ ഇലക്ഷൻ രജിസ്ട്രേഷൻ ഓഫീസർക്ക് അപേക്ഷിക്കാവുന്നതാണ്.

കരട് വോട്ടർപട്ടിക എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ sec.kerala.gov.in സൈറ്റിലും പരിശോധിക്കാം.

### കരട് വോട്ടർപട്ടിക ജില്ലാടിസ്ഥാനത്തിൽ

| ജില്ല | പുരുഷൻ | സ്ത്രീ | ട്രാൻസ് ജെൻഡർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 1272254 | 1461405 | 21 | 2733680 |
| കൊല്ലം | 987319 | 1138256 | 19 | 2125594 |
| പത്തനംതിട്ട | 471103 | 549292 | 3 | 1020398 |
| ആലപ്പുഴ | 792392 | 902942 | 11 | 1695345 |
| കോട്ടയം | 739094 | 800085 | 9 | 1539188 |
| ഇടുക്കി | 423370 | 443644 | 5 | 867019 |
| എറണാകുളം | 1202583 | 1294778 | 32 | 2497393 |
| തൃശൂർ | 1214595 | 1378301 | 24 | 2592920 |
| പാലക്കാട് | 1071613 | 1177120 | 19 | 2248752 |
| മലപ്പുറം | 1585822 | 1685436 | 44 | 3271302 |
| കോഴിക്കോട് | 1177753 | 1302256 | 23 | 2480032 |
| വയനാട് | 292765 | 310146 | 6 | 602917 |
| കണ്ണൂർ | 915410 | 1066319 | 10 | 1981739 |
| കാസർഗോഡ് | 486113 | 535857 | 7 | 1021977 |
| ആകെ | 12632186 | 14045837 | 233 | **26678256** |

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ജനഹിതം, ടി.സി-27/6(2), വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-695033,
ഫോൺ 0471 2325048, Email : cru.sec@kerala.gov.in, Website :www.sec.kerala.gov.in,
Facebook @ StateElectionCommissionKerala, Instagram : sec_kerala_official

കരട് വോട്ടർപട്ടികയിൽ 1034 തദ്ദേശ സ്ഥാപനങ്ങളുടെ 20998 വാർഡുകളിലായി 2,66,78,256 വോട്ടർമാരാണുള്ളത്. (1,26,32,186 പുരുഷന്മാരും, 1,40,45,837 സ്ത്രീകളും, 233 ട്രാൻസ്ജെൻഡറും) 2024ൽ സമ്മറി റിവിഷൻ നടത്തിയ വോട്ടർപട്ടിക പുതിയ വാർഡുകളിലേയ്ക്ക് ക്രമീകരിച്ചാണ് കരട് പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

2020ലെ പൊതുതിരഞ്ഞെടുപ്പിനു ശേഷം നിലവിലുണ്ടായിരുന്ന വോട്ടർപട്ടിക 2023 ഒക്ടോബറിലും 2024 ജൂലൈയിലും സമ്മറി റിവിഷൻ നടത്തിയിരുന്നു. 2023 ഒക്ടോബറിലെ കരടിൽ 2,76,70,536 വോട്ടർമാരാണുണ്ടായിരുന്നത്. പട്ടികയിൽ പുതുതായി 57,640 പേരെ ചേർക്കുകയും മരണപ്പെട്ടതോ, സ്ഥലംമാറി പോയതോ, ഇരട്ടിപ്പ് ഉള്ളതോ ആയ 8,76,879 അനർഹരെ ഒഴിവാക്കുകയും ചെയ്തിരുന്നു. അന്തിമപട്ടികയിൽ ആകെ 2,68,51,297 പേരുണ്ടായിരുന്നു. ഇതിനെതുടർന്ന് ഉപ തിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിനായി പട്ടിക പുതുക്കിയിരുന്നു.

2024 ജൂലൈയിൽ പുതുക്കിയ കരട് വോട്ടർ പട്ടികയിൽ 2,68,57,023 വോട്ടർമാരാണുണ്ടായിരുന്നത്. 2,68,907 പേരെ പുതുതായി ചേർക്കുകയും അനർഹരായ 4,52,951 പേരെ പട്ടികയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 2024 ജൂലൈയിൽ പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ ആകെ 2,66,72,979 വോട്ടർമാരാണുണ്ടായിരുന്നത്. ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിനുശേഷം പട്ടിക പുതുക്കിയിരുന്നു.

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അതാത് സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും കോർപ്പറേഷനുകളിൽ അഡീഷണൽ സെക്രട്ടറിയുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ. അപേക്ഷകളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കുന്ന നടപടിക്കെതിരെ തദ്ദേശ സ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അപ്പീൽ നൽകാം. ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകമാണ് അപ്പീൽ നൽകേണ്ടത്.

### ജില്ലാപഞ്ചായത്ത് വാർഡ് വിഭജനം

## കരട് വിജ്ഞാപനമായി

സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്തുകളിലെ വാർഡുകൾ പുനർവിഭജിച്ചു കൊണ്ടുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. ജില്ലാ പഞ്ചായത്തിന്റെ ജനസംഖ്യയും, ബ്ലോക്ക് പഞ്ചായത്ത് വാർഡ് വിഭജനത്തിന്റെ അന്തിമ വിജ്ഞാപനവും അടിസ്ഥാനമാക്കിയാണ് വാർഡ് വിഭജനത്തിന്റെ കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. 14 ജില്ലാപഞ്ചായത്തുകളിൽ നിലവിലുള്ള 331 വാർഡുകൾ 346 ആയി വർദ്ധിക്കും. നിർദ്ദിഷ്ട ജില്ലാ പഞ്ചായത്ത് വാർഡിൽ ഉൾപ്പെടുന്ന ബ്ലോക്ക്പഞ്ചായത്ത് വാർഡുകളും ജനസംഖ്യയും ഭൂപടവും ആണ് കരട് വിജ്ഞാപനത്തോടൊപ്പമുള്ളത്. കരട് വിജ്ഞാപനം അതത് തദ്ദേശസ്ഥാപനങ്ങളിലും, ജില്ലാ കളക്ടറേറ്റുകളിലും, sec.kerala.gov.in വെബ് സൈറ്റിലും പരിശോധനയ്ക്ക് ലഭിക്കും.

### ബ്ലോക്ക് പഞ്ചായത്ത് വാർഡ് വിഭജനം

## അന്തിമവിജ്ഞാപനമായി

152 ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഡ് വിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. നിലവിലുണ്ടായിരുന്ന 2080 വാർഡുകൾ 2267 ആയി വർദ്ധിച്ചു. വിജ്ഞാപനം ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും അച്ചടി വകുപ്പിന്റെ e-gazette വെബ്സൈറ്റിലും ലഭിക്കും. www.compose.kerala.gov.in



## തദ്ദേശതിരഞ്ഞെടുപ്പ്; വോട്ടർ ബോധവൽക്കരണത്തിനായി

# ലീപ് കേരള

2025ലെ തദ്ദേശ പൊതു തിരഞ്ഞെടുപ്പിന് വേണ്ടി വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതുൾപ്പെടെയുള്ള തിരഞ്ഞെടുപ്പ് പ്രക്രിയകളെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയുമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർമാർക്കും രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും വോട്ടർപട്ടിക പുതുക്കലുൾപ്പെടെയുള്ള തദ്ദേശതിരഞ്ഞെടുപ്പു പ്രക്രിയകളിൽ അവബോധമുണ്ടാക്കുകയാണ് ലീപ്- കേരള (Localbody Election Awareness Programme-Kerala എന്ന ബോധവൽക്കരണപരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ഇതാദ്യമായാണ് സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർ ബോധവൽക്കരണത്തിനായി പ്രത്യേക പ്രചാരണപരിപാടി സംഘടിപ്പിക്കുന്നത്. ഇതിന് വേണ്ടി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതലസമിതികൾ രൂപീകരിച്ചു കഴിഞ്ഞു. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവർ അംഗങ്ങളായ കമ്മിറ്റിയുടെ കൺവീനർ തദ്ദേശവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറാണ്.

വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിന്റെ നടപടിക്രമങ്ങൾ, ലോകസഭ, നിയമസഭ തിരഞ്ഞെടുപ്പും വോട്ടർപട്ടികയുമായി തദ്ദേശതിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കും വോട്ടർപട്ടികയ്ക്കുമുള്ള വ്യത്യാസങ്ങൾ തുടങ്ങിയ കാര്യങ്ങളിലെല്ലാം വ്യാപകമായ പ്രചാരണമാണ് ലീപ്-കേരളയിലൂടെ ലക്ഷ്യമിടുന്നത്.

കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നിവരെ പരമാവധി വോട്ടർപട്ടികയിൽ ചേർക്കുകയാണ് ലീപ്- കേരളയുടെ ലക്ഷ്യം. ലീപ് -കേരളയുടെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും മാധ്യമപ്രവർത്തകർക്കുമായി ഏകദിന ശില്പശാല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് നടന്നു. സമൂഹ മാധ്യമങ്ങളിലൂടെ ലഘുവീഡിയോകൾ, റീലുകൾ, പോസ്റ്ററുകൾ, ചോദ്യോത്തരപംക്തി എന്നിവ വോട്ടർ ബോധവൽക്കരണത്തിനായി പ്രചരിപ്പിക്കാനാണ് ഉദ്ദേശ്യം. അർഹരായ മുഴുവൻ പേരെയും വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുക, വോട്ടർ പട്ടികയിൽ ഉൾപ്പെട്ട മുഴുവൻപേരും വോട്ടു ചെയ്യുക എന്നതാണ് കമ്മീഷന്റെ ലക്ഷ്യം. വോട്ടിനായി പേരു ചേർത്തിടാം, നാടിനായി വോട്ടു ചെയ്തിടാം എന്നതാണ് ലീപ്- കേരളയുടെ മുദ്രാവാക്യം. ലീപ്-കേരള പ്രചാരണ പരിപാടിക്കായി ആകർഷകമായ ലോഗോയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# നിർമ്മിതബുദ്ധിയിൽ പരിശീലനം



സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ജീവനക്കാർക്ക് വേണ്ടി സംഘടിപ്പിച്ച നിർമ്മിതബുദ്ധി സംബന്ധിച്ച ഏകദിന ശിൽപശാലയിൽ ഡിജിറ്റൽ സാങ്കേതികവിദ്യ പരിശീലകൻ സുനിൽ പ്രഭാകർ ക്ലാസ്സെടുക്കുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ജീവനക്കാർക്ക് വേണ്ടി നിർമ്മിതബുദ്ധി സംബന്ധിച്ച ഏകദിന പരിശീലനം നടന്നു. പ്രമുഖ മാധ്യമപ്രവർത്തകനും ഡിജിറ്റൽ സാങ്കേതികവിദ്യപരിശീലകനുമായ സുനിൽ പ്രഭാകർ ക്ലാസ്സെടുത്തു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ, സെക്രട്ടറി ബി.എസ്.പ്രകാശ്, ഉദ്യോഗസ്ഥർ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. നിർമ്മിതബുദ്ധിയുടെ അടിസ്ഥാന കാര്യങ്ങൾ, നിർമ്മിതബുദ്ധിയുടെ സാധ്യതകൾ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നതെങ്ങനെ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നടന്നു.

**വോട്ടർപട്ടികയിൽ പേര് ചേർക്കാൻ QR കോഡ് സ്കാൻ ചെയ്യൂ**

# തദ്ദേശതിരഞ്ഞെടുപ്പ് :
# രാഷ്ട്രീയപാർട്ടി പ്രതിനിധി യോഗം




പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി അന്തിമ വോട്ടർപട്ടിക ആഗസ്റ്റ് 30നു പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ പറഞ്ഞു. 2025ലെ പൊതു തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ വിശദീകരിക്കുന്നതിനായി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടത്തിയ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു കമ്മീഷണർ.

ത്രിതലപഞ്ചായത്തുകളിലും നഗരസഭകളിലും വോട്ടെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ ഫസ്റ്റ് ലെവൽ ചെക്കിങ് (FLC) ആഗസ്റ്റ് 25നകം പൂർത്തിയാക്കുമെന്നും കമ്മീഷൻ അറിയിച്ചു.

കുറ്റമറ്റ രീതിയിൽ വോട്ടർപട്ടിക തയ്യാറാക്കുന്നതിനും ഇ.വി.എമ്മുകളുടെ ക്ഷമതാപരിശോധന പൂർത്തിയാക്കുന്നതിനും എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം കമ്മീഷണർ അഭ്യർത്ഥിച്ചു. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള തദ്ദേശസ്ഥാപനങ്ങളിലേയ്ക്കാണ് ഈ വർഷം പൊതുതിരഞ്ഞെടുപ്പ് നടത്തുന്നത്. 941 ഗ്രാമപഞ്ചായത്തുകളിലും 86 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും 14 ജില്ലാ പഞ്ചായത്തുകളിലുമാണ് പൊതുതിരഞ്ഞെടുപ്പ്. മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ കാലാവധി 2027 സെപ്തംബർ 10ന് മാത്രമേ അവസാനിക്കുകയുള്ളൂ. യോഗത്തിൽ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് എം.വിജയകുമാർ (കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)), എം.ലിജു (ഇന്ത്യൻ നാഷണൽ കോൺഗ്രസ്), അഡ്വ.ജെ.ആർ.പത്മകുമാർ (ഭാരതീയ ജനതാ പാർട്ടി) പി.കെ.ഷറഫുദ്ദീൻ (ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ്), ഡോ.ബെന്നി കക്കാട് (കേരള കോൺഗ്രസ്(എം), പൂജപ്പുര രാധാകൃഷ്ണൻ, (കേരള കോൺഗ്രസ്(ബി)), ജോസഫ് ജോൺ (വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യ), റോയി അറയ്ക്കൽ (സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യ), ജോയ് എബ്രഹാം (കേരള കോൺഗ്രസ്), കെ.കെ.നായർ (ബി.ജെ.കെ.പി), അഡ്വ. കൊല്ലങ്കോട് രവീന്ദ്രൻനായർ (ജനതാദൾ (എസ്)), അഡ്വ. റ്റി.മനോജ്കുമാർ (ആൾ ഇൻഡ്യ ഫോർവേർഡ് ബ്ളോക്ക്),കല്ലട നാരായണപിള്ള (ജനാധിപത്യ കേരള കോൺഗ്രസ്), കെ.ജയകുമാർ (റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി), ജോയ് ആർ. തോമസ് (ബഹുജൻ സമാജ് പാർട്ടി), തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ്, കമ്മീഷനിലെ മറ്റുദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# അർഹരായ എല്ലാവരേയും വോട്ടർപട്ടികയിൽ ചേർക്കും: കമ്മീഷണർ എ.ഷാജഹാൻ

അർഹരായ മുഴുവൻ പേരുടെയും പേര് വോട്ടർ പട്ടികയിൽ ചേർക്കുകയും, വോട്ടർപട്ടികയിൽ ഉൾപ്പെട്ടവരെല്ലാം വോട്ടു ചെയ്തുവെന്നുറപ്പുവരുത്തുകയും ചെയ്യുകയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ലക്ഷ്യമെന്ന് കമ്മീഷണർ എ. ഷാജഹാൻ പറഞ്ഞു. 2025ലെ തദ്ദേശപൊതുതിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ വിശദീകരിക്കുവാനായി മാധ്യമ പ്രവർത്തകർക്കും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുമായി സംഘടിപ്പിച്ച മാധ്യമ ശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വോട്ടർ ബോധവൽക്കരണത്തിനായി തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘടിപ്പിക്കുന്ന ലീപ്-കേരള പരിപാടിക്കും, വോട്ടർപട്ടിക റിവിഷൻ ഉൾപ്പെടെയുള്ള തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കും ആവശ്യമായ പ്രചാരണം സംഘടിപ്പിക്കണമെന്ന് കമ്മീഷണർ പറഞ്ഞു.



യോഗത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷന് സെക്രട്ടറി ബി.എസ്.പ്രകാശ് സ്വാഗതം പറഞ്ഞു. കേരള പത്രപ്രവർത്തക യൂണിയന് പ്രതിനിധി ഷില്ലർ സ്റ്റീഫൻ കൃതജ്ഞത രേഖപ്പെടുത്തി.

# പബ്ലിക് റിലേഷൻസ് വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം



2025ലെ തദ്ദേശതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരും പിആർഡി ഡയക്ടറേറ്റിലെ ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ, വോട്ടർ ബോധവൽക്കരണത്തിനുള്ള ലീപ്-കേരള പരിപാടി തുടങ്ങിയവ സംബന്ധിച്ച് വിശദീകരിച്ചു. കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ്, അഡീഷണൽ സെക്രട്ടറി സി.എസ്.ശ്രീകല, സീനിയർ അക്കൗണ്ടസ് ഓഫീസർ ജെ.ആർ.ഗീത, സീനിയർ ഫിനാൻസ് മാനേജർ റീന വർഗ്ഗീസ്, ലോ ഓഫീസർ പ്രീതി ആർ നായർ, ജോയന്റ് സെക്രട്ടറിമാരായ എ.സുരേഷ് കുമാർ, അനിൽ ജോണി, പി.ജെ.ജയിംസ്, ആർ.പ്രദീപ്കുമാർ, കൺസൾട്ടന്റ്മാരായ വി.ഷാജിമോൻ, എം.ഷാജഹാൻ, കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറി ആർ.മണികണ്ഠൻ, സെക്ഷൻ ഓഫീസർമാരായ ആർ.ആർ. രഞ്ജിത്ത്, കെ.സരീഷ് എന്നിവർ പങ്കെടുത്തു.

## വോട്ടർപട്ടിക : പ്രവാസി ഭാരതീയർക്ക് പേരു ചേർക്കാം

### പ്രവാസി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ

**01.01.2025** നോ അതിന് മുമ്പോ 18 വയസ് പൂർത്തിയായിരിക്കുകയും വിദേശ രാജ്യത്ത് താമസിക്കുകയും വിദേശ രാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചിട്ടില്ലാത്തവരുമായ ഭാരത പൗരനായിരിക്കണം അപേക്ഷകൻ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റ് സന്ദർശിച്ച് (www.sec.kerala.gov.in) Sign In പേജിലെ Citizen Registration വഴി പേരും മൊബൈൽ നമ്പരും Passwordഉം നൽകി Profile create ചെയ്യാവുന്നതാണ്. OTP authentication നടന്ന mobile number ആയിരിക്കും ലോഗിൻ ചെയ്യുവാനുള്ള username. Mobile number & Password നൽകി ലോഗിൻ ചെയ്യുക. വലതുവശത്ത് മുകളിലായി (Help) ൽ Screen cast വീഡിയോകൾ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കേണ്ട രീതി മുഴുവനായി ആ വീഡിയോകളിൽ കാണാവുന്നതാണ്. പ്രവാസി വോട്ടറായി അപേക്ഷ സമർപ്പിക്കുന്നതിന് Pravasi Voter (Form 4A) എന്ന button click ചെയ്യുക അപേക്ഷകന്റെ വിശദവിവരങ്ങൾ നൽകി submit button click ചെയ്യുക ഫോട്ടോ upload ചെയ്യുക. Form 4A ഡൗൺലോഡ് ചെയ്യുക. അപേക്ഷയുടെ പ്രിന്റ് എടുത്ത് ഒപ്പിട്ട് താമസസ്ഥലം സ്ഥിതി ചെയ്യുന്ന തദ്ദേശസ്ഥാപനത്തിലെ ഇ.ആർ.ഒയ്ക്ക് നേരിട്ടോ രജിസ്ട്രേർഡ് തപാലിലോ അയച്ചു കൊടുക്കണം. ഫോട്ടോ അപ് ലോഡ് ചെയ്തിട്ടില്ലെങ്കിൽ പ്രിന്റൗട്ടിൽ ഫോട്ടോ പതിക്കണം. തപാൽ മുഖേന അയയ്ക്കുമ്പോൾ പാസ്പോർട്ടിലെ പ്രസക്തമായ പേജുകൾ, അപേക്ഷകന്റെ വിസ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം. നേരിട്ടാണ് സമർപ്പിക്കുന്നതെങ്കിൽ ഒറിജിനൽ പാസ്പോർട്ട് കാണിക്കണം. ഇപ്രകാരം വോട്ടർപട്ടികയിൽ പേരു ചേർക്കപ്പെടുന്ന പ്രവാസി ഭാരതീയർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി അസൽ പാസ്പോർട്ട് കാണിച്ചു വോട്ടു ചെയ്യാവുന്നതാണ്.

## ഓൺലൈനായി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും, ഒഴിവാക്കുന്നതിനും, തിരുത്തലുകൾ വരുത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ

1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻറെ വെബ്സൈറ്റ് സന്ദർശിച്ച് (www.sec.kerala.gov.in) Sign In പേജിലെ Citizen Registration വഴി പേരും മൊബൈൽ നമ്പരും പാസ്സ്വേർഡും നൽകി profile create ചെയ്യാവുന്നതാണ്. OTP authentication നടന്ന mobile നമ്പർ ആയിരിക്കും ലോഗിൻ ചെയ്യുവാനുള്ള username.
2. Username & password നൽകി ലോഗിൻ ചെയ്യുക. Profile ൽ ഫോം 4, ഫോം 5, ഫോം 6, ഫോം 7 ഉം പ്രവാസി വോട്ടരുമാരുടെയും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വലതുവശത്ത് മുകളിലായി (Help) ൽ Screen cast വീഡിയോകൾ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കേണ്ട രീതി മുഴുവനായി ആ വീഡിയോകളിൽ കാണാവുന്നതാണ്.
3. അതാത് പ്രൊഫൈൽ വഴി സമർപ്പിച്ച അപേക്ഷകളുടെ ലിസ്റ്റും ബന്ധപ്പെട്ട ഫാറമുകളും Dashboard ൽ ലഭ്യമാകുന്നതാണ്. ഓരോ അപേക്ഷയിന്മേലും ഇലക്ടറൽ റെജിസ്ട്രേഷൻ ഓഫീസർമാർ എടുത്ത നടപടികളെ സംബന്ധിച്ച വിവരം status ഓപ്ഷൻ വഴി അപേക്ഷകർക്ക് അറിയാവുന്നതാണ്.

### Name Inclusion (Form 4)

1. കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടികയിൽ കേരളത്തിൽ എവിടെയെങ്കിലും നിങ്ങളുടെ പേര് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾ നൽകി മറ്റൊരു local body യിലേക്ക് മാറുന്നതിനും ആദ്യമായി പേര് ചേർക്കുന്നതിനും Name Inclusion (Form 4) എന്ന button സെലക്ട് ചെയ്യുക.
2. ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ എന്നിവ തിരഞ്ഞെടുക്കുക. അതേ ഭാഗത്തിൻറെ വോട്ടർ പട്ടികയിലെ നിങ്ങളുടെ കുടുംബാംഗത്തിന്റെയോ അയൽവാസിയുടെയോ സീരിയൽ നമ്പർ കൊടുക്കുയും ശേഷം വോട്ടറുടെയും രക്ഷകർത്താവിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുക.
3. വോട്ടറുടെ ഫോട്ടോ അപ്ലോഡ് ചെയ്ത് proceed ക്ലിക്ക് ചെയ്യുക
4. വോട്ടർ നൽകിയ വിവരങ്ങൾ സ്ക്രീനിൽ ലഭ്യമാകും. അവ പരിശോധിച്ചതിന് ശേഷം ശരിയാണെങ്കിൽ Confirm Application button click ചെയ്യുക. അപേക്ഷ സമർപ്പിക്കപ്പെട്ടതായി സ്ക്രീനിൽ തെളിയുന്നതാണ്.
5. Profile ഹോം പേജിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ കാണാൻ സാധിക്കുന്നതാണ്. അപേക്ഷയുടെ പകർപ്പും(Form 4) Hearing Notice (Form 12) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്.

### Corrections (Form 6)

1. നിലവിൽ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങൾ തിരുത്തുന്നതിന് ഫോറം 6 ൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്, അതിനായി Corrections (Form 6) എന്ന button സെലക്ട് ചെയ്യുക .
2. വോട്ടറുടെ ജില്ല , തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ, സീരിയൽ നമ്പർ എന്നിവ നൽകി Get Data button ക്ലിക്ക് ചെയ്യുക.
3. വോട്ടറുടെ നിലവിലെ വിവരങ്ങൾ സ്ക്രീനിൻറെ ഇടത് വശത്ത് ലഭിക്കുന്നതാണ്. വേണ്ട തിരുത്തലുകൾ വലതുവശത്തെ കോളങ്ങളിൽ ചേർക്കാവുന്നതാണ്
4. ശേഷം Submit button ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കുക.
5. Profile ഹോം പേജിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ കാണാൻ സാധിക്കുന്നതാണ്. പട്ടികയിൽ നിലവിൽ നൽകിയിട്ടുള്ള ഫോട്ടോയാണ് മാറ്റം വരുത്തേണ്ടതെങ്കിൽ 'Change Photo' button ക്ലിക്ക് ചെയ്ത് Photo upload ചെയ്യേണ്ടതാണ് .
6. Profile ഹോം പേജിൽ അപേക്ഷയുടെ പകർപ്പും(Form 6) Hearing Notice (Form 15) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്.

## Transposition (Form 7)

1. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരു നിയോജക മണ്ഡലം / വാർഡിൽ നിന്ന് മറ്റൊരു നിയോജക മണ്ഡലം / വാർഡിലേക്കോ, ഒരു നിയോജക മണ്ഡലത്തിലെ / വാർഡിലെ ഒരു ഭാഗത്തിൽ നിന്ന് മറ്റൊരു ഭാഗത്തിലേക്കോ മാറുന്നതിനായി ഫോറം 7 ൽ അപേക്ഷ സമർപ്പിക്കാവുന്നതാണ് , അതിനായി Transposition (Form 7) button സെലക്ട് ചെയ്യുക.
2. വോട്ടറുടെ ജില്ല , തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ, സീരിയൽ നമ്പർ എന്നിവ നൽകി Get Data button ക്ലിക്ക് ചെയ്യുക.
3. വോട്ടറുടെ നിലവിലെ വിവരങ്ങൾ സ്ക്രീനിൻറെ ഇടത് വശത്ത് ലഭിക്കുന്നതാണ്. വേണ്ട മാറ്റങ്ങൾ വലതുവശത്തെ കോളങ്ങളിൽ നിന്ന് സെലക്ട് ചെയ്ത് Submit button ക്ലിക്ക് ചെയ്യുക.
4. Profile ഹോം പേജിൽ അപേക്ഷയുടെ പകർപ്പും (Form 7) Hearing Notice (Form 15A) ഉം അപ്പോൾ തന്നെ download ചെയ്യാവുന്നതാണ്

വോട്ടർപട്ടികയിൽ
പേര് ചേർക്കുന്നതിനുള്ള
അവസാന തീയതി
**ഓഗസ്റ്റ് 7**

---

അന്തിമ വോട്ടർപട്ടിക
**ഓഗസ്റ്റ് 30ന്**

## Deletion (Form 5)

1. വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിലുള്ള / നിലവിലെ വോട്ടറുടെ പേര് ഒഴിവാക്കുന്നതിനുള്ള ആക്ഷേപം സമർപ്പിക്കുന്നതിനായി ഫോറം 5 ൽ അപേക്ഷ സമർപ്പിക്കണം.അതിയായി Deletion Form 5 ന്റെ ആവശ്യമുള്ള button സെലക്ട് ചെയ്യുക.
2. വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിലുള്ള ആക്ഷേപം(Objection to Name inclusion) സമർപ്പിക്കുന്നതിന് വോട്ടറുടെ അപ്ലിക്കേഷൻ ID നൽകി Submit button ക്ലിക്ക് ചെയ്താൽ വോട്ടറുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ്.
3. ശേഷം ആക്ഷേപം സമാർപ്പിക്കുന്നയാളുടെ വിവരങ്ങളും കാരണങ്ങളും രേഖപ്പെടുത്തി Submit ചെയ്യുക.
4. നിലവിലെ വോട്ടറുടെ പേര് ഒഴിവാക്കുന്നതിനായി(Application for Name Deletion) വോട്ടറുടെ ജില്ല , തദ്ദേശസ്വയംഭരണ സ്ഥാപനം, നിയോജകമണ്ഡലം/ വാർഡ്, ഭാഗം നമ്പർ, സീരിയൽ നമ്പർ എന്നിവ നൽകി Get Data button ക്ലിക്ക് ചെയ്താൽ വോട്ടറുടെ വിവരങ്ങൾ ലഭ്യമാകുന്നതാണ്.
5. ശേഷം ആക്ഷേപം സമാർപ്പിക്കുന്നയാളുടെ വിവരങ്ങളും കാരണങ്ങളും രേഖപ്പെടുത്തി Submit ചെയ്യുക.
6. ഫോറം 5 അപേക്ഷകൾ ഓൺലൈനിൽ സമർപ്പിച്ച ശേഷം profile ൽ നിന്നും അപേക്ഷ പ്രിന്റ് എടുത്ത് ഒപ്പിട്ട് നേരിട്ടോ തപാൽ മുഖേനയോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്, അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല.

# പത്രവാർത്തകളിലൂടെ

## ബ്ലോക്ക് പഞ്ചായത്ത് വാർഡ് വിഭജനം കരട് വിജ്ഞാപനം

സംസ്ഥാനത്തെ 152 ബ്ളോക്ക് പഞ്ചായത്തുകളിലെ വാർഡുകൾ പുനർവിഭജിച്ച് കരട് വിജ്ഞാപനമായി. 187 വാർഡുകൾ പുതുതായി രൂപീകരിച്ചു. ഇതോടെ ആകെ എണ്ണം 2080 ൽ നിന്ന് 2267 ആയി. കരടിനെ പറ്റിയുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ജൂൺ ഏഴുവരെ ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ ജില്ലാ കള്കടർക്കോ നേരിട്ടോ തപാലിലോ നൽകാം. രേഖകൾ ഹാജരാക്കാനുണ്ടെങ്കിൽ അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണം.

(മാതൃഭൂമി, ജൂൺ 1)

## വിവരാവകാശ അപേക്ഷകൾക്ക് ഇനി ഇ-മെയിൽ ഒടിപി നിർബന്ധം

വിവരാവകാശ പോർട്ടൽ വഴിയുള്ള വിവരാവകാശ അപേക്ഷകൾക്ക് ഒടിപി ഉപയോഗിച്ചുള്ള ഇ-മെയിൽ വെരിഫിക്കേഷൻ ജൂൺ 16 മുതൽ നിർബന്ധമാക്കി.

(മാതൃഭൂമി, ജൂൺ 3)

## സർക്കാർ ഓൺലൈൻ സേവനങ്ങൾ ഒറ്റ രജിസ്ട്രേഷനിൽ

വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുന്ന സേവനങ്ങളെല്ലാം ഒറ്റ രജിസ്ട്രേഷനിൽ ഒറ്റ പ്ലാറ്റ്ഫോമിലൂടെ ലഭിക്കാൻ സംവിധാനമൊരുങ്ങുന്നു. ആദ്യഘട്ടം എട്ടു മാസത്തിനുള്ളിൽ തുടങ്ങും. ഡിജിറ്റൽ കേരള ആർക്കിടെക്ചറിന്റെ ഭാഗമായുള്ള യൂണിഫൈഡ് സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോമിലൂടെയാകും ഇത് നടപ്പാക്കുക. നിലവിലുള്ള ഇ-സേവനം പോർട്ടലിലൂടെ 81 വകുപ്പുകളുടെ 938 സേവനങ്ങൾ പൊതു ജനങ്ങൾക്ക് ഓൺലൈനായി ലഭിക്കുന്നുണ്ടെങ്കിലും അവയെല്ലാം അപേക്ഷകനെ അതത് വകുപ്പിന്റെ പോർട്ടലിലേക്ക് എത്തിച്ചാണ് ഇത് സാധ്യമാക്കുന്നത്. ആദ്യ ഘട്ടത്തിൽ റവന്യൂ, കെഎസ്ആർടിസി, സാമൂഹ്യനീതി വകുപ്പ് ഉൾപ്പെടെ എട്ടു വകുപ്പുകളുടെ 104 സേവനങ്ങളാണ് പുതിയ പ്ലാറ്റ്ഫോമിൽ എത്തുക. ഗവൺമെന്റ് ടു ഗവൺമെന്റ്, ഗവൺമെന്റ് ടു ബിസിനസ്, ഗവൺമെന്റ് ടു സിറ്റിസൺ എന്നിങ്ങനെയുള്ള സേവനങ്ങളാണ് വരുന്നത്. ഇതിൽ ഗവൺമെന്റ് ടു സിറ്റിസൺ എന്ന ഘടകത്തിലാണ് ആദ്യം ഏകീകൃത പ്ലാറ്റ്ഫോം തയ്യാറാക്കുക.

(മാതൃഭൂമി, ജൂൺ 3)

## കൊച്ചി മെട്രോപ്പൊലീത്തൻ ആസൂത്രണ കമ്മിറ്റി തിരഞ്ഞെടുപ്പിന് നടപടി തുടങ്ങി

കൊച്ചി മെട്രോപ്പൊലീത്തൻ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെയും ചെയർമാന്റെയും തിരഞ്ഞെടുപ്പിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി ആരംഭിച്ചു. വരണാധികാരിയായി എറണാകുളം കളക്ടറെ സ്ഥാന നിർദ്ദേശം ചെയ്തു. കൊച്ചി മെട്രോപ്പൊലീത്തൻ പ്രദേശത്ത് ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നാണ് ആസൂത്രണ കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. 29 പഞ്ചായത്ത്, 9 നഗരസഭ, കോർപ്പറേഷൻ എന്നിവ മെട്രോപ്പൊലീത്തൻ പ്രദേശത്ത് ഉൾപ്പെടുന്നു. പ്രദേശത്തിന് മുഴുവനുമായി കരട് വികസന പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിച്ചുള്ളതാണ് ആസൂത്രണ കമ്മിറ്റി. കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണവും സംവരണ സ്ഥാനങ്ങളുടെ എണ്ണവും നിശ്ചയിച്ച് സർക്കാർ ഉത്തരവായിരുന്നു. 15 അംഗങ്ങളുള്ള കമ്മിറ്റിയിൽ പത്തുപേരെ തദ്ദേശ സ്ഥാപന ജനപ്രതിനിധികളിൽനിന്ന് തിരഞ്ഞെടുക്കും. അഞ്ചുപേർ സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവരായിരിക്കും. തിരഞ്ഞെടുപ്പിനായി പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം 17 നും നഗരസഭാ കൗൺസിലർമാരുടെ യോഗം 18 നും കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം 19 നും പകൽ 11 ന് ചേരും.

(ദേശാഭിമാനി, ജൂൺ 4)

## ബ്ലോക്ക് പഞ്ചായത്ത് വാർഡ് വിഭജനം, പരാതി പത്ത് വരെ

സംസ്ഥാനത്തെ 152 ബ്ളോക്ക് പഞ്ചായത്തുകളിലെ വാർഡുകൾ വിഭജിച്ചു കൊണ്ടുള്ള കരട് വിജ്ഞാപനത്തിൽ ആക്ഷേപങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ 10 ലേക്ക് നീട്ടി. ആക്ഷേപങ്ങൾ കമ്മീഷൻ സെക്രട്ടറിക്കോ ജില്ലാ കളക്ടർക്കോ നേരിട്ടോ രജിസ്ട്രേർഡ് തപാലിലോ നൽകാം. രേഖകൾ ഹാജരാക്കാനുണ്ടെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണം.

(മലയാള മനോരമ, ജൂൺ 6)

## സെൻസസ് : സംസ്ഥാനവും മുന്നൊരുക്കത്തിലേക്ക്

ജനസംഖ്യ കണക്കെടുപ്പിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം വിജ്ഞാപനമിറക്കിയതോടെ, സംസ്ഥാനത്തും ഇതിനുള്ള മുന്നൊരുക്കം വൈകാതെ ആരംഭിക്കും. രണ്ടു ഘട്ടങ്ങളിലായി നടത്തുന്ന സെൻസസിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പ് ലഭിച്ച ശേഷമായിരിക്കും നടപടികളിലേക്ക് കടക്കുകയെന്ന് സംസ്ഥാന സെൻസസ് ഡയറക്ടറേറ്റ് അധികൃതർ പറഞ്ഞു. അവസാനമായി സെൻസസ് നടത്തിയത് 2011ൽ ആയിരുന്നു.

(മാധ്യമം, ജൂൺ 18)

## ബ്ലോക്ക് പഞ്ചായത്ത് വാർഡ് വിഭജനം : ലഭിച്ചത് 700 പരാതി

സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ പുനർവിഭജിച്ചുള്ള കരട് വിജ്ഞാപനത്തിൻമേൽ ലഭിച്ചത് എഴുന്നൂറോളം പരാതികൾ. ചൊവ്വ വൈകിട്ട് അഞ്ച് വരെയായിരുന്നു പരാതി നൽകാനുള്ള സമയം. പരാതിയുടെ കൃത്യമായ എണ്ണം ബുധനാഴ്ച അറിയാം. 152 ബ്ളോക്കു പഞ്ചായത്തുകളിലായി 187 വാർഡുകൾ പുതിയതായി നിലവിൽ വരും. ഇതോടെ വാർഡുകളുടെ എണ്ണം 2080 ൽ നിന്നും 2267 ആകും. അതിർത്തികളിലും മാറ്റംവരും. നിലവിൽ ലഭിച്ച പരാതികൾ പരിശോധിച്ച് കളക്ടർമാർ ഡീലിമിറ്റേഷൻ കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കും. ഈ റിപ്പോർട്ട് പരിശോധിച്ച് കമ്മീഷൻ തുടർനടപടി സ്വീകരിക്കും. ആവശ്യമെങ്കിൽ, പരാതിക്കാരെ നേരിൽ കണ്ടതിനു ശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കും.

(ദേശാഭിമാനി, ജൂൺ 11)

## വാർഡ് വിഭജനം ; വോട്ടർപട്ടികയ്ക്ക് നിലവിലെ വീട്ടുനമ്പർ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് വോട്ടർപട്ടിക പുതുക്കാൻ നിലവിലുള്ള വീട്ടുനമ്പർ തന്നെ ഉപയോഗിക്കും. വാർഡ് വിഭജനം അന്തിമമാക്കിയ ശേഷം വൈകാതെ വീടുകൾ ഉൾപ്പെടെയുള്ള എല്ലാ കെട്ടിടങ്ങൾക്കും പുതിയ നമ്പർ നൽകും. കെട്ടിടങ്ങൾക്ക് ഡിജി ഡോർ പിൻനമ്പർ നൽകണോ നിലവിലുള്ള രീതിയിൽത്തന്നെ മതിയോയെന്ന് സർക്കാർ തീരുമാനമായില്ല. വൈകുന്നതിനാലാണ് ഇപ്പോഴുള്ള നമ്പർ തന്നെ വോട്ടർ പട്ടികയിൽ ഉപയോഗിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചത്. ഡിജി ഡോർപിൻ നൽകണമെന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെയും താൽപര്യം. ഇക്കാര്യം സർക്കാരിനെ നേരത്തെ അറിയിച്ചിട്ടുണ്ട്. പുതിയ വാർഡുകളിലേയ്ക്ക് വീടുകൾ ക്രമീകരിച്ച ശേഷം ജൂലൈ പകുതിയോടെ വോട്ടർപട്ടിക പുതുക്കുന്ന ജോലി തുടങ്ങാനാകുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു.

(മാതൃഭൂമി, ജൂൺ 12)

## അടുത്ത തിരഞ്ഞെടുപ്പിൽ 33 % വനിതാസംവരണം നടപ്പാക്കാൻ കേന്ദ്രം

ലോക്സഭാ-നിയമസഭാ തിരഞ്ഞെടുപ്പുകളിൽ വനിതകൾക്ക് 33 % സംവരണം നൽകാനുള്ള നിയമം അടുത്ത ലോക്സഭാ തിരഞ്ഞെടുപ്പ് മുതൽ നടപ്പാക്കാനൊരുങ്ങി കേന്ദ്രം. മണ്ഡല പുനർനിർണയത്തിനു ശേഷം സംവരണം നടപ്പാക്കുമെന്നാണ് പാർലമെന്റിൽ നിയമം പാസ്സാക്കുമ്പോൾ സർക്കാർ അറിയിച്ചിരുന്നത്. മണ്ഡല പുനർനിർണയം അടുത്ത ലോക്സഭാ തിരഞ്ഞെടുപ്പിനു മുൻപ് തീർക്കാനാണ് സർക്കാരിന്റെ ശ്രമം. സെൻസസും പ്രഖ്യാപിച്ചതിനാൽ, മണ്ഡലപുനർനിർണയം സെൻസസ് അടിസ്ഥാനത്തിലാവും നടക്കുക. ഇതെല്ലാം 2029 ലോക്സഭാ തിരഞ്ഞെടുപ്പിന് മുൻപ് പൂർത്തിയാക്കാനാണ് ശ്രമം.

(മാതൃഭൂമി, ജൂൺ 13)

## ബ്ലോക്ക് പഞ്ചായത്ത് വാർഡ് വിഭജനം : ആകെ 782 പരാതികൾ ; ഹീയറിങ് മൂന്നു ഘട്ടമായി

ബ്ലോക്ക് പഞ്ചായത്തുകളിലെ വാർഡുകൾ വിഭജിക്കാൻ സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറത്തിറക്കിയ കരട് റിപ്പോർട്ടിനെ സംബന്ധിച്ച് 782 പരാതികൾ. ആകെയുള്ള 152 ബ്ളോക്കുകളിൽ 131ലാണ് പരാതികളുള്ളത്. 21 ബ്ളോക്കു പഞ്ചായത്തുകളിൽ പരാതികളില്ല. പരാതി സമർപ്പിച്ചവർക്കുള്ള ഹീയറിങ് 21ന് ആരംഭിക്കും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ മൂന്നു മേഖലകളായി തിരിച്ചാണ് ഹീയറിങ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ പരാതിക്കാരെ 21 ന് തിരുവനന്തപുരം തൈയ്ക്കാട് പിഡബ്ള്യൂഡി റസ്റ്റ് ഹൗസിലും എറണാകുളം, ആലപ്പുഴ, തൃശൂർ, ഇടുക്കി, പാലക്കാട്, കോട്ടയം ജില്ലകളിലുള്ളവരെ ജൂൺ 23 രാവിലെ ഒൻപത് മുതൽ എറണാകുളം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, മലപ്പുറം ജില്ലകളിലെ പരാതിക്കാരെ ജൂൺ 24 ന് രാവിലെ ഒൻപത് മുതൽ കോഴിക്കോട് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും കമ്മീഷൻ നേരിൽ കേൾക്കും.

(മലയാള മനോരമ, ജൂൺ 15)

## സെൻസസ് ആദ്യഘട്ടം : 2026 ഒക്ടോബർ ഒന്നു മുതൽ

പതിനാറാം സെൻസസ് 2027ൽ നടത്താൻ കേന്ദ്രസർക്കാർ വിജ്ഞാപനമിറക്കി. ലഡാക്ക്, ജമ്മു-കാശ്മീർ എന്നീ കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിലെയും മഞ്ഞു വീഴ്ച മേഖലകളിൽ 2026 ഒക്ടോബർ ഒന്നു മുതലും മറ്റിടങ്ങളിലെല്ലാം 2027 മാർച്ച് ഒന്ന് മുതലുമാണ് സെൻസസ് ആരംഭിക്കുക. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ ജാതിസെൻസസും ഇതോടൊപ്പം നടക്കുമെന്ന് സർക്കാർ നേരത്തെ അറിയിച്ചിരുന്നു. രണ്ടു ഘട്ടമായാണ് സെൻസസ്. ഹൗസ് ലിസ്റ്റിങ് ഓപ്പറേഷനാണ് ആദ്യഘട്ടം.

ഇതിൽ വീടുകളുടെ നിലവാരം, ഓരോ കുടുംബത്തിന്റെയും ആസ്തികൾ, സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കും. ജനസംഖ്യാ കണക്കെടുപ്പാണ് രണ്ടാംഘട്ടം. ഇതിൽ ജാതിക്കു പുറമേ കുടുംബങ്ങളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരങ്ങളുൾപ്പെടെ ശേഖരിക്കും. ജനങ്ങൾക്ക് സ്വയം വിവരങ്ങൾ നൽകാനുള്ള സംവിധാനമുണ്ടാകും. സെൻസസ് വിവരങ്ങൾ ശേഖരിക്കുമ്പോഴും കൈമാറുമ്പോഴും സൂക്ഷിച്ചുവെയ്ക്കുമ്പോഴും സുരക്ഷ ഉറപ്പാക്കുമെന്ന് സർക്കാർ വ്യക്തമാക്കി. മൊബൈൽ ആപ്പ് വഴിയാകും വിവരശേഖരണം.

നടപടികൾക്കായി 34 ലക്ഷം എന്യൂമറേറ്റർമാരും സൂപ്പർ വൈസർമാരും ഏതാണ്ട് 1.3 ലക്ഷം സെൻസസ് പ്രവർത്തകരുമുണ്ടാകും. മഞ്ഞു വീഴ്ച മേഖലകളിൽ 2026 സെപ്റ്റംബർ 30 ന് അർദ്ധരാത്രി 12 പിന്നിടുമ്പോഴും മറ്റിടങ്ങളിൽ 2027 ഫെബ്രുവരി 28 ന് അർദ്ധരാത്രി 12 കഴിയുമ്പോഴും സെൻസസ് പ്രക്രിയ തുടങ്ങുമെന്ന് രജിസ്ട്രാർ ജനറലും സെൻസസ് കമ്മീഷണറുമായ മൃത്യുഞ്ജ് കുമാർ നാരായൺ ഇറക്കിയ വിജ്ഞാപനത്തിലുണ്ട്. സെൻസസ് പ്രക്രിയ 2028 വരെ നീളും.

(മാതൃഭൂമി, ജൂൺ17)

# വോട്ടർപട്ടിക എന്ന ജീവിതരേഖ



പി ജെ ജയിംസ്

ഒരു ജനാധിപത്യ ഭരണ സംവിധാനത്തിലൂടെ കടന്നു പോകുന്ന എല്ലാ രാജ്യങ്ങളും അവരുടെ പൗരന്മാർക്ക് സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനടിസ്ഥാനമായ ഒരു അവകാശരേഖ നിഷ്കർഷിക്കാറുണ്ട്. പ്രസ്തുതരേഖ അത്തരം രാജ്യങ്ങളുടെ ഭരണഘടനയുടെ ഉള്ളടക്കത്തെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ്. ഇതിനെയാണ് ഇന്ത്യയുൾപ്പെടെയുള്ള ജനാധിപത്യ രാജ്യങ്ങളിൽ വോട്ടർപട്ടിക (Electoral Roll) എന്ന പേരിലറിയപ്പെടുന്നത്.

വോട്ടർപട്ടിക ആ രാജ്യത്തിന്റെ ഭരണഘടനയുമായി ചേർന്നു നിൽക്കുന്നു എന്നതാണതിന്റെ മാഹാത്മ്യവും നിയമസാധുതയും. ജനാധിപത്യ സിദ്ധാന്തത്തിന്റെ അതിശക്തമായ അടിവേരുള്ള ഇന്ത്യയിൽ വോട്ടർപട്ടിക എന്നത് കേവലം വോട്ടവകാശം വിനിയോഗിക്കുന്നതിനുള്ള ഉപാധി മാത്രമല്ല മറിച്ച് അത് ഈ രാജ്യത്തെ ജനങ്ങളുടെ പൗരാവകാശങ്ങളുടെ പ്രിതിബിംബം കൂടിയാണ്. എന്നാൽ ഇക്കാര്യത്തിൽ നമ്മുടെ ജനങ്ങൾ എത്രമാത്രം ബോധവാൻമാരാണ് എന്നത് ഇവിടെ പ്രസക്തമായ ഒരു കാര്യമാണ്. അത് കൂടുതൽ വ്യക്തമാകണമെങ്കിൽ നമുക്കീയവകാശങ്ങൾ എങ്ങനെയാണ് ലഭ്യമായതെന്ന ചരിത്രം നമ്മുടെ സ്മൃതിപഥത്തിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്. രണ്ടാമതായിട്ടുള്ളത് നമ്മുടെ ഭരണഘടന അതിലെ പൗരൻമാരെയും ഭരണകൂടത്തെയും എങ്ങനെയാണ് അതിൽ പ്രതിഷ്ഠിച്ചിരിക്കുന്നതെന്ന സംഗതിയാണ്. മൂന്നാമതായി കാണേണ്ടത് നമ്മുടെ ഭരണഘടനയോട് കൂറും വിശ്വാസ്യതയും പുലർത്തുമെന്ന് പ്രതിജ്ഞയെടുത്തു വരുന്ന, അങ്ങ് പ്രാദേശികതലം മുതൽ കേന്ദ്രതലം വരെ വ്യാപിച്ചു കിടക്കുന്ന അതിബ്യഹത്തായ ഭരണകൂടങ്ങളുടെ പ്രകടനമാണ്.

വോട്ടർപട്ടികയുടെ ചരിത്രം ചികയുകയാണെങ്കിൽ അതിന് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധി എന്ന സങ്കൽപ്പത്തോളം പഴക്കമുണ്ട് എന്ന് ചരിത്രലേഖനങ്ങളിൽ കാണാവുന്നതാണ്. അതിന്റെ തുടക്കമായി ഒരുപക്ഷേ കാണാൻ കഴിയുന്നത് ഏകദേശം ബി.സി 508ൽ ജനാധിപത്യത്തിന്റെ ഏറ്റവും അപരിഷ്കൃതരൂപം നിലനിന്നിരുന്ന് പുരാതന ഗ്രീസിലാണ്. കാര്യങ്ങൾ അതിശയോക്തിപരമെങ്കിലും അവിടെ നടന്നിരുന്ന തിരഞ്ഞെടുപ്പ്പ്രക്രിയയിലെ വോട്ടർമാർ ഭൂവുടമകളായ പുരുഷൻമാർ മാത്രമായിരുന്നു. പിന്നീട് 12-□□ നൂറ്റാണ്ടു മുതലിങ്ങോട്ട് ഭരണകൂടങ്ങളുടെ ഉന്നതസമിതികളിലേയ്ക്ക് നടന്നിരുന്ന തിരഞ്ഞെടുപ്പുകളിൽ ചില പ്രത്യേകവിഭാഗങ്ങൾക്ക് വോട്ടവകാശവും, ആ പ്രത്യേക വിഭാഗങ്ങളെ അടയാളപ്പെടുത്തുന്ന പട്ടികകളോ തിരിച്ചറിയൽരേഖകളോ അന്ന് വോട്ടർപട്ടികയുടെ ആവശ്യത്തിന് ഉപയോഗിച്ചിരുന്നതായി കരുതപ്പെടുന്നു. ആ ഘട്ടവും പിന്നിട്ട് ആധുനികജനാധിപത്യം ലോകമെമ്പാടും വ്യാപിച്ചതോടെയാണ് വോട്ടർമാരെ കൃത്യമായി പട്ടികപ്പെടുത്തുന്ന രീതി ഉപയോഗിച്ചു തുടങ്ങിയതെന്ന് ചരിത്രത്തിന്റെ ഏടുകളിൽ ദർശിക്കാവുന്നതാണ്. നാം കാണേണ്ടത്, റോമാസാമ്രാജ്യം ഒരൊറ്റ രാത്രി കൊണ്ടല്ല പടുത്തുയർത്തിയതെന്നു പറയുന്നതുപോലെ, വോട്ടവകാശവും വോട്ടർപട്ടികയുമൊക്കെ നൂറ്റാണ്ടുകൾ നീണ്ടുനിന്ന രക്തപങ്കിലമായ പോരാട്ടങ്ങളുടെയും ജീവത്യാഗങ്ങളുടെയും പരിണിതഫലമായി രൂപം കൊണ്ടതാണ് ഇന്നീ രൂപത്തിൽ കാണുന്നത്.

ആധുനിക ജനാധിപത്യസിദ്ധാന്തത്തിനു കീഴിൽ പാർലമെന്ററി സമ്പ്രദായം ലോകരാജ്യങ്ങൾ സ്വീകരിച്ചതോടു കൂടിയാണ് കുറ്റമറ്റ രീതിയിൽ തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനു സമഗ്രവും സമ്പൂർണവുമായ വോട്ടർപട്ടിക തയ്യാറാക്കി സൂക്ഷിച്ചു പോരേണ്ടതിന്റെ ആവശ്യകത ലോകരാഷ്ട്രങ്ങൾക്കു ബോധ്യമായിത്തുടങ്ങിയത്. ഇന്ത്യ, ഇംഗ്ലണ്ട്, ഓസ്ട്രേലിയ, കാനഡ, ഡെൻമാർക്ക്, ജപ്പാൻ, ദക്ഷിണാഫ്രിക്ക തുടങ്ങിയവയൊക്കെ ഈ രീതിയിൽ മുന്നോട്ടു പോകുന്നവയാണ്. ഇത്തരം രാജ്യങ്ങളിലൊക്കെ വോട്ടർപട്ടിക അറിയപ്പെടുന്നത് Electoral Roll, Electoral Register, Voters Roll, Voters List, Poll Book തുടങ്ങിയ വിവിധ പേരുകളിലാണ്. മാത്രമല്ല, ഇത്തരം രാഷ്ട്രങ്ങളിലൊക്കെ ജനസംഖ്യയെ ഭൂമിശാസ്ത്രപരമായ പരിധികൾക്കുള്ളിലാക്കി ജില്ലയെന്നും തദ്ദേശപ്രദേശം എന്നൊക്കെ വേർതിരിച്ചാണ് അതിന്റെ അധികാരിത (Jurisdiction) നിശ്ചയിച്ചു പോരുന്നത്. കൂടാതെ, അവിടങ്ങളിലൊക്കെ കൃത്യമായ ഇടവേളകളിൽ അവ പുതുക്കി പോരുന്നുമുണ്ട്. ഫ്രാൻസിൽ എല്ലാവർഷവും പട്ടിക പുതുക്കിപോരുന്നതായി കാണുന്നുണ്ട്.

ഇന്ത്യൻ സാഹചര്യത്തിലേയ്ക്കു നോക്കുമ്പോൾ ഇവിടുത്തെ വോട്ടർപട്ടിക ഭരണഘടനാ തത്വങ്ങളിലധിഷ്ഠിതമാണ്. അത് മറ്റു രാജ്യങ്ങളിലെ പോലെതന്നെ സാർവ്വത്രിക വോട്ടവകാശം (Universal Adult Franchise ) പ്രദാനം ചെയ്യുന്നു. അതായത് നിയമപ്രകാരം നിശ്ചയിക്കപ്പെട്ട തീയതിയിൽ 18 വയസ്സ് പൂർത്തിയായ ഭാരതപൗരനായ ഒരു വ്യക്തിക്ക് തന്റെ അധികാരിതയിലെ വോട്ടർപട്ടികയിൽ പേരു ചേർക്കാൻ അവകാശമുണ്ട്. ഇവിടെ Jurisdiction എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഓരോതലത്തിലുമുള്ള ഭരണക്രമത്തെ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തെയാണ് (Constituency). ഒരു പൗരന്റെ മറ്റു യാതൊരു വ്യത്യസ്തകളും ഇവിടെ അയോഗ്യതയായി വരുന്നില്ല. ഇത് ഭരണഘടനാതത്വമായ ബഹുസ്വരതയെ (Pluralism) പ്രതിഫലിപ്പിക്കുന്ന ഒന്നാണ്. കൂടാതെ, ഭരണഘടനാതത്വങ്ങളായ സമത്വം, നീതി, സ്വാതന്ത്ര്യം എന്നിവ പ്രദാനം ചെയ്യുന്നുണ്ട്. ഇന്ത്യയെന്ന ഈ മഹാരാജ്യത്തെ എല്ലാ പൗരൻമാർക്കും ഒരേ മൂല്യമാണ് ഭരണഘടന കൽപ്പിച്ചിട്ടുള്ളത് എന്നത് ഏറ്റവും പ്രായോഗികമായി നടപ്പാകുന്നത് വോട്ടർപട്ടികയിൽ പേരുൾപ്പെട്ട് തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കപ്പെടുമ്പോഴാണെന്ന് ഓരോ പൗരനും ദർശിക്കാവുന്നതാണ്.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനു വേണ്ടി തയ്യാറാക്കുന്ന വോട്ടർപട്ടികയുടെ ചരിത്രം നോക്കുകയാണെങ്കിൽ അവയെ 1994 നു മുൻപും അതിനുശേഷവും എന്നീ രണ്ടുഘട്ടങ്ങളിലൂടെ വീക്ഷിക്കേണ്ടതുണ്ട്. 1994 നുശേഷം തദ്ദേശസ്ഥാപനങ്ങൾക്ക് ഭരണഘടനാപദവി കൈവരികയും അവയ്ക്ക് യൂണിയൻഗവൺമെന്റ്, സംസ്ഥാനഗവൺമെന്റ് എന്നതുപോലെ പ്രാദേശിക ഗവൺമെന്റ് എന്ന മൂന്നാമതൊരു പദവി കൂടി ലഭ്യമാകുകയും ചെയ്തു. അതുകൊണ്ടു തന്നെ കേന്ദ്ര, സംസ്ഥാന നിയമനിർമാണസഭകൾക്കു വേണ്ട വോട്ടർപട്ടികയുടെ ഭരണഘടനാ വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി കേരളസംസ്ഥാനം നിർമ്മിച്ചിട്ടുള്ള പഞ്ചായത്തീരാജ്, മുനിസിപ്പാലിറ്റി നിയമവ്യവസ്ഥകളും സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിച്ചാണ് ഇപ്പോൾ പട്ടിക തയ്യാറാക്കി വരുന്നത്. എന്നാൽ മുൻപ് നിയതമായ ഭരണഘടനാ വ്യവസ്ഥകളോ തനതായ നടപടിക്രമത്തിന്റെ ചട്ടക്കൂടോ, അതിനു മേൽനോട്ടം വഹിക്കാൻ ഒരു സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ സാന്നിധ്യമോ ഉണ്ടായിരുന്നില്ല.

വോട്ടർപട്ടികയിൽ പേരുൾപ്പെടുന്നത് വോട്ടുചെയ്ത് ഒരു സർക്കാരിനെ ഭരണം ഏൽപ്പിക്കുന്നതിനു വേണ്ടി മാത്രമാണെന്ന സാമാന്യജനത്തിന്റെ ഒരു പൊതുവിചാരവും അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകളുടെ നിരാശാജനകമായ പ്രകടനവും സാമാന്യജനത്തെ പൊതുവെ ഒരു വിമുഖതയിൽ കൊണ്ടെത്തിക്കുമെന്നത് സ്വാഭാവികമാണ്. വാസ്തവത്തിൽ ഇത് ഒരു ജനാധിപത്യഭരണക്രമത്തിന്റെ ന്യൂനതയാണ്. കാരണം അത് ഭൂരിപക്ഷത്തെ മാത്രമേ ഫോക്കസ് ചെയ്യുന്നുള്ളൂ. 51 ശതമാനം വോട്ടുവിഹിതം ലഭിച്ച് ഒരു ജനാധിപത്യഗവൺമെന്റ് ബാക്കി വരുന്ന 49 ശതമാനത്തെ ഒരുപക്ഷേ അവഗണിച്ചേക്കാം. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ജനങ്ങളുടെ സർക്കാർ എന്നൊക്കെ മേമ്പൊടി പറയാമെങ്കിലും അതിൽ ജനങ്ങളുടെ അളവെത്ര, പങ്കെത്ര എന്നീ ചോദ്യങ്ങൾ ഉയരുന്നുണ്ട്. കാരണം അവർക്ക് 51 ശതമാനത്തോട് കൂറു കാണിക്കേണ്ട രാഷ്ട്രീയാവശ്യമേ ഇവിടെ വരുന്നുള്ളൂവെന്ന് കാണാവുന്നതാണ്. എന്നാൽ ഭരണഘടന ഈ ഇടുങ്ങിയ വീക്ഷണമല്ല വിഭാവനം ചെയ്യുന്നതെങ്കിലും രാഷ്ട്രീയകാഴ്ചപ്പാടിൽ അതെല്ലാം വിസ്മരിക്കപ്പെടുന്നതായാണ് കണ്ടുവരുന്നത്. അത് ജനാധിപത്യഭരണക്രമത്തിലെ വോട്ടർപട്ടികയിൽ പേരുചേർക്കൽ പ്രക്രിയയെ മുരടിപ്പിച്ചേക്കാം എന്നതും കാണാവുന്നതാണ്.

കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും നിയമനിർമാണ സഭകളിലേയ്ക്കുള്ള സാമാജികരെ തിരഞ്ഞെടുക്കു ന്നതിനുള്ള വോട്ടർപട്ടിക തയ്യാറാക്കുന്നതും തിരഞ്ഞെടുപ്പ് നടത്തുന്നതും കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷനും സംസ്ഥാനങ്ങളിലെ തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള വോട്ടർപട്ടിക തയ്യാറാക്കുന്നതും തിരഞ്ഞെടുപ്പ് നടത്തുന്നതും അതതു സംസ്ഥാനങ്ങളിലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകളുമാണ്. രണ്ടു കമ്മീഷനുകളും ഭരണഘടനാ സ്ഥാപനങ്ങളാണ് എന്നതൊഴിച്ചാൽ പ്രവർത്തനത്തിൽ പരസ്പരബന്ധമൊന്നുമില്ല. ആദ്യത്തേത് നിയമനിർമാണ സഭകളിലേയ്ക്കുള്ള നിയമനിർമ്മാതാക്കളെ തിരഞ്ഞെ ടുക്കുമ്പോൾ, രണ്ടാമത്തേത് പ്രാദേശിക ഭരണ കൂടങ്ങളിലേയ്ക്കുള്ള ഭരണകർത്താക്കളെ നേരിട്ട് തിരഞ്ഞെടുക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം ഓരോ തവണയും തദ്ദേശസ്ഥാപനങ്ങളിലെ നിയോജകമണ്ഡലങ്ങളുടെ അതിർത്തി പുന:ക്രമീകരിക്കുന്നതും, പട്ടികയുടെ ഘടനാപരമായ വ്യത്യസ്തത മൂലവും രണ്ട് വോട്ടർപട്ടികകൾ സൂക്ഷിച്ചുപോരേണ്ടും, ഈ രണ്ട് പട്ടികകളിലും ജനങ്ങൾ പേരുൾപ്പെടുത്തേണ്ടതും ആവശ്യമായി വരുന്നു. വോട്ടർപട്ടികയിൽ പേരുണ്ടാകുക എന്നു പറഞ്ഞാൽ അത് ഒരു പൗരന്റെ ആ പ്രദേശത്തെ സാന്നിധ്യത്തിന്റെ അടയാളമാണ്. അതു കൂടാതെ തങ്ങളുടെ ജനപ്രതിനിധികൾ ശരിയാംവണ്ണം തിരഞ്ഞെടുക്കപ്പെടണമെങ്കിൽ യോഗ്യരായ എല്ലാവരും വോട്ടർപട്ടികയിൽ പേരുചേർക്കുകയും വോട്ടവകാശം വിനിയോഗിക്കുകയും ചെയ്യേണ്ടതുമുണ്ട്. പൗരത്വവും വോട്ടർപട്ടികയും പരസ്പരപൂരകങ്ങളായി വരുന്ന ഈ കാലഘട്ടത്തിൽ വോട്ടർപട്ടികയിൽ പേരുണ്ടാകുക എന്നത് ഒരു പൗരന്റെ അടിസ്ഥാന ആവശ്യമായി മാറുന്നു. അതിനാലാണ് വോട്ടർപട്ടിക ഒരു സമ്മതിദാന അവകാശരേഖയ്ക്ക് അപ്പുറം ഒരു ജീവിതരേഖയായി മാറുന്നത്.

**EDITORIAL TEAM**

*Sureshkumar A.*
*James P J*

**PHOTOGRAPHY**

*I & PRD*
*Aravind M.A.*

(ലേഖനങ്ങളിലുള്ള അഭിപ്രായം ലേഖകരുടേത് മാത്രമാണ്)

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

## ജില്ലയുടെ ചുമതലയുള്ള നോഡൽ ഓഫീസർ

ജില്ലാ കളക്ട്രേറ്റുകളിലെ തിരഞ്ഞെടുപ്പ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന്റെയും ഏകോപനത്തിന്റെയും ചുമതല വഹിക്കുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ നോഡൽ ഓഫീസർമാരാണ്. ഓരോ ജില്ലയുടെയും ചുമതലയുള്ള നോഡൽ ഓഫീസർമാരുടെ വിവരം ചുവടെ.

| ജില്ല | നോഡൽ ഓഫീസർ | പേര് | മൊബൈൽ നമ്പർ |
|---|---|---|---|
| **തിരുവനന്തപുരം, കാസർകോട്** | ജോയിന്റ് സെക്രട്ടറി (M) | പ്രദീപ് കുമാർ. ആർ | 8281000131 |
| **കൊല്ലം** | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ഗീത. ജെ. ആർ | 8281000121 |
| **ആലപ്പുഴ, മലപ്പുറം** | ജോയിന്റ് സെക്രട്ടറി (P) | ജയിംസ്.പി.ജെ | 8281000125 |
| **പത്തനംതിട്ട, ഇടുക്കി** | ജോയിന്റ് സെക്രട്ടറി (I ) | സുരേഷ്കുമാർ. എ | 8281000126 |
| **കോട്ടയം** | സീനിയർ ഫിനാൻസ് മാനേജർ | റീന വർഗ്ഗീസ് | 8281000124 |
| **തൃശൂർ** | കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറി | ആർ. മണികണ്ഠൻ | 8281000129 |
| **പാലക്കാട്** | ലോ ഓഫീസർ | പ്രീതി. ആർ. നായർ | 8281000122 |
| **കോഴിക്കോട്** | അഡീഷണൽ സെക്രട്ടറി | സി.എസ്. ശ്രീകല | 8281000128 |
| **എറണാകുളം, വയനാട്** | ജോയിന്റ് സെക്രട്ടറി (I I) | അനിൽജോണി | 8281000119 |
| **കണ്ണൂർ** | പി.ആർ.ഒ | കെ.എം. അയ്യപ്പൻ | 8281000127 |